**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1494** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അനങ്ങൻമല, അമ്പലപ്പാറ തുടങ്ങിയ വനമേഖലയിൽ പ്പെട്ട സ്ഥലങ്ങളിൽ കാട്ടുതീ ഉണ്ടാകാറുള്ളതിനാലും മണ്ഡലത്തിൽ സംഭവിക്കുന്ന റോഡപകടങ്ങളിലും മറ്റും നിലവിൽ തൊട്ടടുത്ത മണ്ഡലത്തിലെ ഫയർ സ്റ്റേഷനെ ആശ്രയിക്കേണ്ട സാഹചര്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ സാഹചര്യത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | 18-02-21-ലെ സ.ഉ.(കൈ) 51/2021/ ആഭ്യന്തരം പ്രകാരം താനൂർ, പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, കല്ലമ്പലം എന്നിവിടങ്ങളിൽ പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും; ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറന്മുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിരുന്നു. പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ